# Desabhimani
# 16 July 2018
# Kochi , Heavy Rain

## തോരാമഴ... തീരാദുരിതം

- ജില്ലയിൽ 54.08 മില്ലി മീറ്റർ മഴ രേഖപ്പെടുത്തി
- ചെല്ലാനത്ത് കടലാക്രമണം രൂക്ഷം




കനത്ത മഴയെത്തുടർന്ന് വെള്ളക്കെട്ടിലായ റോഡ്

**കൊച്ചി**

ശനിയാഴ്ച രാത്രി മുതൽ നിർത്താതെ പെയ്യുന്ന മഴ രൂക്ഷമായതോടെ നഗരം വെള്ളക്കെട്ടിൽ. ജില്ലയിൽ പലയിടത്തും കൃഷി നാശവും കെട്ടിടങ്ങൾക്ക് നാശനഷ്ടവും ഉണ്ടായി. ചെല്ലാനത്ത് കടാലക്രമണം രൂക്ഷമായി. താൽക്കാലിക സുരക്ഷാ സംവിധാനങ്ങൾ തകർത്ത് 100 വീടുകളിൽ വെള്ളം കയറി.

പലയിടങ്ങളിലും ഓടകൾ കവിഞ്ഞ് അഴുക്കുവെള്ളം റോഡിലേക്ക് ഒഴുകുന്ന സ്ഥിതിയാണ്. കാനയിൽ മാലിന്യങ്ങൾ നിറഞ്ഞ് മലിനജലം റോഡുകളിലേക്ക് ഒഴുകുകയാണ്. കാന നിർമാണത്തിലെ അപാകംമൂലം ദേശാഭിമാനി ജങ്ഷനും വെള്ളക്കെട്ടിലാണ്. ചെല്ലാനത്ത് ചെല്ലാനം ബസാർ, കമ്പനിപ്പടി എന്നിവിടങ്ങളിലാണ് കടൽ കയറ്റം രൂക്ഷമായി. 100ഓളം വീടുകളിൽ വെള്ളം കയറി. കഴിഞ്ഞ കടാലക്രമണ സമയത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിർമിച്ച മണൽവാട തകർന്നാണ് വെള്ളം കയറിയത്. ആലുവ ഈസ്റ്റ് വില്ലേജിൽ മരം മുറിഞ്ഞു വീണ് ഒരു വീടിന്റെ അടുക്കളഭാഗം തകർന്നു. പെരിയാറിലെ ജലനിരപ്പ് ഉയർന്ന് മണപ്പുറം വെള്ളത്തിനടിയിലായി. ജില്ലയിൽ 54.08 മില്ലി മീറ്റർ മഴ രേഖപ്പെടുത്തി. ചൊവ്വാഴ്ച വരെ മഴ തുടരുമെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. കേരള തീരത്ത് 35 മുതൽ 45 കിലോമീറ്റർ വേഗതയിലും ചില സ്ഥലങ്ങളിൽ 70 കിലോമീറ്റർ വേഗതയിലും കാറ്റടിക്കാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.